# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1168 11.02.2016 ൽ മറുപടിയ്ക്ക്

### ഭൂനികുതി സ്വീകരിക്കാനുള്ള നിർദ്ദേശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | ഉണ്ട്; ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി അനധികൃതമായി കൈവശം വച്ചിരിക്കുന്നതും അവർ മറിച്ച് വിറ്റതുമായ സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് നിയോഗിച്ച സ്പെഷ്യൽ ഓഫീസർ & കളക്ടർ, ഗവൺമെന്റ് ലാൻഡ് റിസംപ്ഷൻ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിനാൽ പ്രസ്തുത നിയമ നടപടികൾ അവസാനിക്കുംവരെ ഇത്തരം ഭൂമിയിലെ നിലവിലെ കൈവശക്കാരിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നതും, മരം മുറിയ്ക്കുന്നതും, റവന്യൂ രേഖകൾ നൽകുന്നതും നിർത്തിവയ്ക്കാൻ വയനാട് ജില്ല ഉൾപ്പെടെ സംസ്ഥാനത്തെ 8 ജില്ലകളിലെ ജില്ലാ കളക്ടർമാർക്ക് സ്പെഷ്യൽ ഓഫീസർ & കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇതിൽ ഏതെല്ലാം പ്രദേശങ്ങളിലെ കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കാൻ ഈ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശത്തിലുള്ള സർക്കാർ ഭൂമി വാങ്ങിയ 2 ഏക്കർ ഭൂമി വരെ കൈവശമുള്ള ചെറുകിട കർഷകർക്ക് നിലവിലെ നിയമങ്ങൾക്ക് അനുസൃതമായി, സംസ്ഥാനത്തിന്റെ അവകാശത്തെ ഹനിക്കാത്ത വിധത്തിൽ, താത്കാലികമായി നികുതി അടയ്ക്കുന്നതിന് |

| | | |
|---|---|---|
| | | 01.10.2015-ലെ സ.ഉ(എം.എസ്)നം. 542/2015/റവന്യൂ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഇനിയും ഏതെല്ലാം പ്രദേശങ്ങളിലെ കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ? | വില്ലേജ് റിക്കാർഡുകളിൽ നിക്ഷിപ്ത വനഭൂമിയായി രേഖപ്പെടുത്തിയതുമൂലം മൂപ്പൈനാട്, കോട്ടപ്പടി, തൃക്കൈപ്പറ്റ, വെള്ളരിമല എന്നീ വില്ലേജുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ കൈവശക്കാരിൽ നിന്നും ഭൂനികുതി സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ 2 ഏക്കറിൽ കവിഞ്ഞ മേൽവിവരിച്ച ഇനം ഭൂമി കൈവശം വയ്ക്കുന്നവരുടെ പേരിൽ നിയന്ത്രണം തുടരുന്നു. |

e.k.v. Kunny

സെക്ഷൻ ഓഫീസർ